**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 346** — **18-07-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.എസ്.പി.എൽ.-നുള്ള സാമ്പത്തിക സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ എം വിൻസെൻറ്** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ഓപ്പൺ മാർക്കറ്റ് വായ്പകൾക്ക് കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ നിബന്ധനകൾ മറികടക്കാനാണോ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിനുള്ള സാമ്പത്തിക സഹായം പിൻവലിക്കുവാനുള്ള സർക്കാർ ഉത്തരവിലൂടെ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിനുള്ള സാമ്പത്തിക സഹായം സർക്കാർ പിൻവലിച്ചിട്ടില്ല. സർക്കാരിന് കീഴിലെ സ്ഥാപനങ്ങൾ എടുക്കുന്ന വായ്പ സർക്കാരിന്റെ പൊതുകടത്തിൽ ഉൾപ്പെടുത്തുന്ന ഒരു നിലപാട് കേന്ദ്ര ഗവൺമെന്റും അക്കൗണ്ടന്റ് ജനറലും കൈക്കൊണ്ടിരുന്നുവെന്നത് ഒരു വസ്തുതയാണ്. എന്നാൽ ഇതിനുപരിയായി കമ്പനി രൂപീകരിച്ച 20.06.2018-ലെ സ.ഉ.(കൈ.) നം. 232/2018/ധന. –യിലെ ചില നിബന്ധനകൾ ഫണ്ട് raise ചെയ്യുന്നതിന് കമ്പനിക്ക് ബുദ്ധിമുട്ടുകൾ സൃഷ്ടിച്ചിരുന്നു. ആയത് മനസ്സിലാക്കി കമ്പനിയുടെ സാമ്പത്തിക സ്വാതന്ത്ര്യം ഉറപ്പ് വരുത്തുന്നതിന് ഉതകുന്ന രീതിയിൽ മേൽ സർക്കാർ ഉത്തരവ്, 10.06.2022-ലെ സ.ഉ.(കൈ.) നം. 97/2022/ധന. പ്രകാരം ഭേദഗതി ചെയ്തിരുന്നു. ടി ഭേദഗതി കമ്പനിയുടെ പ്രവർത്തന സ്വാതന്ത്ര്യം കൂടുതൽ മെച്ചപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. സർക്കാർ ധനസഹായം കമ്പനിക്ക് അനുവദിക്കുന്നതിന് നിർദ്ദിഷ്ട ഭേദഗതി യാതൊരു തടസ്സങ്ങളും സൃഷ്ടിച്ചിട്ടില്ല. നാളിതുവരെ 26048.93 കോടി രൂപ സർക്കാർ കമ്പനിയ്ക്ക് കൈമാറിയിട്ടുണ്ട്. ടി ഭേദഗതിക്കു ശേഷം മാത്രം 03.07.2022 –ലെ സ.ഉ.(സാധാ.) നം. 4833/22/ധന. പ്രകാരം 1150 കോടി രൂപയുടെ ധനസഹായം സർക്കാർ കമ്പനിക്ക് കൈമാറിയിട്ടുണ്ട്. കമ്പനി എടുക്കുന്ന വായ്പകൾക്ക് സർക്കാർ ഗ്യാരന്റി ഉറപ്പുവരുത്തുന്നതിനു വേണ്ട നിർദ്ദേശവും നൽകിയിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത തീരുമാനം കെ.എസ്.എസ്.പി.എൽ.-ന്റെ പ്രവർത്തനങ്ങളെ ഏത് തരത്തിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (ബി) | കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിനുള്ള സാമ്പത്തിക സഹായം സർക്കാർ പിൻവലിച്ചിട്ടില്ല. സർക്കാരിന് കീഴിലെ സ്ഥാപനങ്ങൾ എടുക്കുന്ന വായ്പ സർക്കാരിന്റെ |

| | | | |
|---|---|---|---|
| | | | പൊതുകടത്തിൽ ഉൾപ്പെടുത്തുന്ന ഒരു നിലപാട് കേന്ദ്ര ഗവൺമെന്റും അക്കൗണ്ടന്റ് ജനറലും കൈക്കൊണ്ടിരുന്നുവെന്നത് ഒരു വസ്തുതയാണ്. എന്നാൽ ഇതിനുപരിയായി കമ്പനി രൂപീകരിച്ച 20.06.2018-ലെ സ.ഉ.(കൈ.) നം. 232/2018/ധന. –യിലെ ചില നിബന്ധനകൾ ഫണ്ട് raise ചെയ്യുന്നതിന് കമ്പനിക്ക് ബുദ്ധിമുട്ടുകൾ സൃഷ്ടിച്ചിരുന്നു. ആയത് മനസ്സിലാക്കി കമ്പനിയുടെ സാമ്പത്തിക സ്വാതന്ത്ര്യം ഉറപ്പ് വരുത്തുന്നതിന് ഉതകുന്ന രീതിയിൽ മേൽ സർക്കാർ ഉത്തരവ്, 10.06.2022-ലെ സ.ഉ.(കൈ.) നം. 97/2022/ധന. പ്രകാരം ഭേദഗതി ചെയ്തിരുന്നു. ടി ഭേദഗതി കമ്പനിയുടെ പ്രവർത്തന സ്വാതന്ത്ര്യം കൂടുതൽ മെച്ചപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. സർക്കാർ ധനസഹായം കമ്പനിക്ക് അനുവദിക്കുന്നതിന് നിർദ്ദിഷ്ട ഭേദഗതി യാതൊരു തടസ്സങ്ങളും സൃഷ്ടിച്ചിട്ടില്ല. നാളിതുവരെ 26048.93 കോടി രൂപ സർക്കാർ കമ്പനിയ്ക്ക് കൈമാറിയിട്ടുണ്ട്. ടി ഭേദഗതിക്കു ശേഷം മാത്രം 03.07.2022 –ലെ സ.ഉ.(സാധാ.) നം. 4833/22/ധന. പ്രകാരം 1150 കോടി രൂപയുടെ ധനസഹായം സർക്കാർ കമ്പനിക്ക് കൈമാറിയിട്ടുണ്ട്. കമ്പനി എടുക്കുന്ന വായ്പകൾക്ക് സർക്കാർ ഗ്യാരന്റി ഉറപ്പുവരുത്തുന്നതിനു വേണ്ട നിർദ്ദേശവും നൽകിയിട്ടുണ്ട്. |
| (സി) | സാമ്പത്തിക സഹായം പിൻവലിക്കുവാനുള്ള സർക്കാർ ഉത്തരവിന്റെ പശ്ചാത്തലത്തിൽ കെ.എസ്.എസ്.പി.എൽ.-ന്റെ പ്രവർത്തനം സുഗമമാക്കുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ? | (സി) | കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിനുള്ള സാമ്പത്തിക സഹായം സർക്കാർ പിൻവലിച്ചിട്ടില്ല. സർക്കാരിന് കീഴിലെ സ്ഥാപനങ്ങൾ എടുക്കുന്ന വായ്പ സർക്കാരിന്റെ പൊതുകടത്തിൽ ഉൾപ്പെടുത്തുന്ന ഒരു നിലപാട് കേന്ദ്ര ഗവൺമെന്റും അക്കൗണ്ടന്റ് ജനറലും കൈക്കൊണ്ടിരുന്നുവെന്നത് ഒരു വസ്തുതയാണ്. എന്നാൽ ഇതിനുപരിയായി കമ്പനി രൂപീകരിച്ച 20.06.2018-ലെ സ.ഉ.(കൈ.) നം. 232/2018/ധന. –യിലെ ചില നിബന്ധനകൾ ഫണ്ട് raise ചെയ്യുന്നതിന് കമ്പനിക്ക് ബുദ്ധിമുട്ടുകൾ സൃഷ്ടിച്ചിരുന്നു. ആയത് മനസ്സിലാക്കി കമ്പനിയുടെ സാമ്പത്തിക സ്വാതന്ത്ര്യം ഉറപ്പ് വരുത്തുന്നതിന് ഉതകുന്ന രീതിയിൽ മേൽ സർക്കാർ ഉത്തരവ്, 10.06.2022-ലെ സ.ഉ.(കൈ.) നം. 97/2022/ധന. പ്രകാരം ഭേദഗതി ചെയ്തിരുന്നു. ടി ഭേദഗതി കമ്പനിയുടെ പ്രവർത്തന സ്വാതന്ത്ര്യം കൂടുതൽ മെച്ചപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. സർക്കാർ ധനസഹായം കമ്പനിക്ക് അനുവദിക്കുന്നതിന് നിർദ്ദിഷ്ട ഭേദഗതി യാതൊരു തടസ്സങ്ങളും സൃഷ്ടിച്ചിട്ടില്ല. നാളിതുവരെ 26048.93 കോടി രൂപ സർക്കാർ കമ്പനിയ്ക്ക് കൈമാറിയിട്ടുണ്ട്. ടി |

| | | | |
|---|---|---|---|
| | | | ഭേദഗതിക്കു ശേഷം മാത്രം 03.07.2022 –ലെ സ.ഉ. (സാധാ.) നം. 4833/22/ധന. പ്രകാരം 1150 കോടി രൂപയുടെ ധനസഹായം സർക്കാർ കമ്പനിക്ക് കൈമാറിയിട്ടുണ്ട്. കമ്പനി എടുക്കുന്ന വായ്പകൾക്ക് സർക്കാർ ഗ്യാരന്റി ഉറപ്പുവരുത്തുന്നതിനു വേണ്ട നിർദ്ദേശവും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ